**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5389** **21-03-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ആംബുലേറ്ററി ക്ലിനിക്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ആംബുലേറ്ററി ക്ലിനിക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ആംബുലേറ്ററി ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാക്കുന്നത്; പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | (ബി) | മൃഗസംരക്ഷണ വകുപ്പ് അനുവദിച്ചിട്ടുള്ള അലോട്ട്മെന്റിനു വിധേയമായി ആംബുലേറ്ററി ക്ലിനിക് ക്യാമ്പുകൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നുണ്ട്. ആംബുലൻസിന്റെ സേവനം പ്രയോജനപ്പെടുത്തി ഈ മരുന്നുകൾ ക്യാമ്പുകളിൽ എത്തിച്ച് ക്ഷീരകർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ക്ഷീരകർഷകർക്ക് തങ്ങളുടെ ഉരുക്കളെ ക്യാമ്പിൽ എത്തിച്ച് പരിശോധിപ്പിക്കുവാനും നേരിൽ കണ്ട് സംശയനിവാരണം നടത്താനും ആംബുലേറ്ററി ക്ലിനിക് പ്രയോജനപ്പെടുത്തുന്നതു വഴി സാധ്യമാകുന്നു. കൂടാതെ ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. മൃഗാശുപത്രി സേവനം ലഭിക്കാൻ പ്രയാസമേറിയ സ്ഥലങ്ങളായ മലയോരമേഖലകൾ, ട്രൈബൽ കോളനികൾ, യാത്രാദുരിതം അനുഭവപ്പെടുന്ന തുരുത്ത് എന്നിവിടങ്ങളിലും പ്രസ്തുത ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ